LIBRARY ARCHIVES Kerala Legislative Assembly

(6) കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി

ശ്രീമതി കാനത്തിൽ ജമീല: സർ, കൊയിലാണ്ടി താലൂക്കിലെയും കൊയിലാണ്ടി മണ്ഡലത്തിലെയും ആയിരങ്ങൾ ആശ്രയിക്കുന്ന ആതുരാലയമാണ് കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി. തീരദേശത്തടക്കമുള്ള ആളുകൾ പ്രസവ ശുശ്രൂഷയ്ക്കുവേണ്ടി കോഴിക്കോട് കോട്ടപ്പറമ്പ് ആശുപത്രിയെയും കോഴിക്കോട് മെഡിക്കൽ കോളേജിനെയുമാണ് ആശ്രയിക്കുന്നത്. ദേശീയപാതയിൽ വളരെ സൗകര്യത്തോടുകൂടിയാണ് ഈ ബിൽഡിംഗ് നിൽക്കുന്നത്. അവിടെ ലക്ഷ്യാ സ്റ്റാന്റേർഡിലുള്ള ആശുപത്രിയുടെ പ്രവൃത്തി ഈ മാസം അവസാനത്തോടെ പൂർത്തിയാകും. ആശുപത്രിയുടെ പണി പൂർത്തീകരിച്ചാൽ അത് നല്ലരീതിയിൽ നടത്തണമെങ്കിൽ പതിനഞ്ചോളം തസ്തികകൾ അനിവാര്യമാണ്. ഗൈനക്കോളജി, അനസ്തേഷ്യ, പീഡിയാട്രിക്സ് വിഭാഗങ്ങളിൽ ഡോക്ടർമാരും സ്റ്റാഫ് നഴ്സുമാരും ടെക്നീഷ്യൻമാരുമുൾപ്പെടെ പതിനഞ്ചോളം തസ്തികകളുണ്ടെങ്കിൽ മാത്രമേ കാര്യക്ഷമമായി ഇത് നടത്തുവാൻ കഴിയുകയുള്ളൂ. അതിനാൽ തീരദേശ വിഭാഗമടക്കം ആശ്രയിക്കുന്ന ആശുപത്രിയെന്നുള്ള രീതിയിൽ പ്രസവ ശുശ്രൂഷയ്ക്കുവേണ്ടിയുള്ള സൗകര്യമൊരുക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. ഇത് നേരത്തെ ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. നിവേദനവും കൊടുത്തിട്ടുണ്ട്. അനുഭാവപൂർണ്ണമായ തീരുമാനമെടുത്ത് പോസ്റ്റിംഗ് ഉൾപ്പെടെ വളരെ വേഗത്തിൽ പ്രാവർത്തികമാക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബഹുമാന്യയായ അംഗം നേരത്തെ നിവേദനം നൽകിയിരുന്നതാണ്. കോഴിക്കോട്-കണ്ണൂർ ദേശീയപാതയ്ക്ക് സമീപത്തായി സ്ഥിതി ചെയ്യുന്ന ഈ ആശുപത്രി ഇവിടെ സൂചിപ്പിച്ചതുപൊലെ പ്രാദേശികമായി വളരെ പ്രധാനപ്പെട്ടൊരു ആശുപത്രിയാണ്. നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള കിടക്കകളുടെ എണ്ണം 159 ആണ്. ദിനംപ്രതി ഒ.പി. വിഭാഗത്തിൽ രണ്ടായിരത്തോളം രോഗികൾ ഇവിടെ വരുന്നുണ്ട്. അത്യാഹിത വിഭാഗത്തിൽ 700-ഓളം രോഗികൾ ഈ ആശുപത്രിയിൽ ചികിത്സ തേടുന്നുണ്ട്. നാൽപ്പതോളം രോഗികൾ ഐ.പി. വിഭാഗത്തിലും ചികിത്സ തേടുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിരവധി പ്രവർത്തനങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. ആശുപത്രിയിൽ സ്പെഷ്യാലിറ്റി വിഭാഗത്തിൽ 16 ഡോക്ടർമാരുടെയും 4 കാഷ്വാലിറ്റി മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

ഓഫീസർമാരുടെയും രണ്ട് അസിസ്റ്റന്റ് സർജൻമാരുടെയും ഒരു ദന്തൽ സിവിൽ സർജന്റെയും കൂടി മൊത്തം 23 ഡോക്ടർമാരുൾപ്പെടെ ആകെ 128 സ്ഥിരം ജീവനക്കാരുടെ തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 3 ഡോക്ടർമാരുൾപ്പെടെ 8 പുതിയ തസ്തികകൾ സൃഷ്ടിച്ചു. ഇതിനുപുറമെ 5 മെഡിക്കൽ ഓഫീസർമാരുൾപ്പെടെ 18 ജീവനക്കാരെ എൻ.എച്ച്.എം. മുഖാന്തരവും 69 ജീവനക്കാരെ എച്ച്.എം.സി. മുഖാന്തരവും കോവിഡ് ബ്രിഗേഡിൽനിന്നും എൻ.എച്ച്.എം. മുഖാന്തരം 15 പേരെയും നിയമിച്ചിട്ടുണ്ട്. അങ്ങനെ 102 താൽക്കാലിക ജീവനക്കാരുമുണ്ട്. 35 കോടി രൂപ ചെലവഴിച്ചുള്ള 6 നിലകളുള്ള പുതിയ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാക്കി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉദ്ഘാടനം നിർവ്വഹിച്ചിരുന്നു. 10 പേർക്ക് ഒരുമിച്ച് ഡയാലിസിസ് ചെയ്യാൻ കഴിയുന്ന ഡയാലിസിസ് കേന്ദ്രം പ്രവർത്തനമാരംഭിച്ചു. 5 കോടി രൂപ ചെലവിൽ പുതിയ ട്രോമാ കെയർ സംവിധാനം പൂർത്തിയായി. 3 കോടി രൂപ ചെലവിൽ സ്ഥാപിച്ച സി.ടി.സ്കാൻ പ്രവർത്തനമാരംഭിച്ചു. ലക്ഷ്യാ പദ്ധതിയിലുൾപ്പെടുത്തി 24 മണിക്കൂറും പ്രവർത്തിക്കുന്ന ആധുനിക ലേബർ റൂം, ലേബർ ഓപ്പറേഷൻ തിയേറ്റർ, പ്രസവ സംബന്ധമായ ശസ്ത്രക്രിയകളും നവജാത ശിശുക്കൾക്കുള്ള പരിചരണവും ഐ.സി.യു.വും നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നുണ്ട്. 1.77 കോടി രൂപയുടെ എൻ.എച്ച്.എം. ഫണ്ടുപയോഗിച്ചാണ് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കിവരുന്നത്. നിലവിൽ 90 ശതമാനത്തോളം പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും 64 ലക്ഷം രൂപ ചെലവിൽ നടപ്പിലാക്കുന്ന ഇ-ഹെൽത്ത് പദ്ധതിയുടെ പ്രവൃത്തിയും 60 ശതമാനത്തോളം പൂർത്തിയാക്കിയിട്ടുണ്ട്. അതുപോലെ സെൻട്രലൈസ്ഡ് ഓക്സിജൻ സിസ്റ്റത്തിന്റെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതി പ്രകാരം മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലുള്ള കെട്ടിട നിർമ്മാണത്തിനായി 30.5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 23.76 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലയിലെ പ്രധാന ചികിത്സാ കേന്ദ്രങ്ങളിലൊന്നായ ഈ ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കാൻ കഴിയുമോ എന്ന് സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് തീരുമാനിക്കുന്നതാണ്.